**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6706** **21-03-2023 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വിനോദസഞ്ചാര വികസനത്തിൽ സ്വകാര്യ മേഖലയുടെ പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിന് വേണ്ടി ഈ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | വിനോദസഞ്ചാര മേഖലയിൽ സ്വകാര്യ പങ്കാളിത്തത്തോടെ നിരവധി പദ്ധതികൾ നടന്നു വരുന്നുണ്ട് . ഇതിനായി സബ്സിഡികളും ആനുകൂല്യങ്ങളും നൽകുന്നുണ്ട് . ടൂറിസം വകുപ്പിന്റെ അധീനതയിലുള്ള പല സ്ഥാപനങ്ങളും സ്വകാര്യ പങ്കാളിത്തത്തോടെ സംയുക്ത സംരംഭങ്ങളായി നടന്നു വരുന്നുണ്ട് . ടൂറിസം വികസനത്തിന്റെ കാര്യത്തിൽ സ്വകാര്യ പങ്കാളിത്തം കൂടുതൽ കാര്യ ക്ഷമമാക്കാൻ ഒരു ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് നടത്തുന്ന കാര്യം പരിഗണനയിലുണ്ട് . ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികളിൽ സ്വകാര്യ സംരംഭകരുടെ പങ്കാളിത്തം ഉറപ്പാക്കുന്ന രീതിയിലുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ കാരവാൻ ടൂറിസം മുഖേന കാരവാൻ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡിയും നൽകി വരുന്നു . |
| (ബി) | വിനോദസഞ്ചാര മേഖലയിൽ ടൂറിസം കോഴ്സ് പഠിച്ചവരെയും ടൂറിസം രംഗത്ത് പരിശീലനം ലഭിച്ചവരെയും ഉപയോഗപ്പെടുത്തി ടൂറിസം വികസനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ? | (ബി) | ടൂറിസം വികസനത്തിന് അത്യന്താപേക്ഷിതമായ മനുഷ്യ വിഭവശേഷി വികസനത്തിന് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട് . കിറ്റ്സ് , FCI, KIHMS, SIHM തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും കോഴ്സുകൾ കഴിഞ്ഞവരെ സംസ്ഥാന ടൂറിസം വികസനത്തിന് പ്രത്യക്ഷമായും പരോക്ഷമായും പല തലങ്ങളിൽ ഉപയോഗപ്പെടുത്തുന്നുണ്ട് . കിറ്റ്സ് , എഫ്.സി.ഐ തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വിവിധ ടൂറിസം കോഴ്സുകൾ/ട്രെയിനിങ് കഴിഞ്ഞവർക്ക് ഹോസ്പിറ്റാലിറ്റി മേഖലയിൽ നിയമനം ലഭ്യമാകുകയും അത് വഴി വിനോദസഞ്ചാരികൾക്ക് പ്രൊഫഷണൽ നിലവാരത്തിലുള്ള സേവനം നൽകുവാൻ കഴിയുകയും അതിലൂടെ പരോക്ഷമായി വിനോദസഞ്ചാര വികസനം നടപ്പിലാക്കാൻ സാധിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| | | | നിലവിൽ ഡിഗ്രിതലത്തിൽ ടൂറിസം പഠിച്ച ഉദ്യോഗാർഥികൾക്ക് ഇൻഫർമേഷൻ അസ്സിസ്റ്റന്റ് ട്രെയിനി ആയി ഒരു വർഷത്തെ ട്രെയിനിംഗ് വിനോദസഞ്ചാര വകുപ്പിന്റെ ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകളിൽ നൽകി വരുന്നുണ്ട് . കൂടാതെ ഡിഗ്രി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് സ്റ്റേറ്റ് ലെവൽ ടൂറിസ്റ്റ് ഗൈഡ് കോഴ്സും, പത്താംക്ലാസ്സ് പൂർത്തിയായവർക്ക് എഴുത്തുപരീക്ഷ , ഇന്റർവ്യൂ മുതലായവ നടത്തി ജില്ലാതല ഗൈഡ് ലൈസൻസും , നൽകി വരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ